## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5423 25.10.2011- ൽ മറുപടിക്ക്

### പ്രകൃതിക്ഷോഭ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എ അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | പ്രകൃതി ക്ഷോഭങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | സി.ആർ.എഫ് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് പ്രകൃതിക്ഷോഭം സംബന്ധിച്ച ദുരിതാശ്വാസ തുക വിതരണം ചെയ്തു വരുന്നത്. ഇത് സംബന്ധിച്ച പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്ന രീതി വ്യക്തമാക്കുമോ ; | | പ്രകൃതിക്ഷോഭ ദുരന്തങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ തുടങ്ങിയ ബന്ധപ്പെട്ട രേഖകൾ ലഭിച്ചതിനു ശേഷമേ ഈ തുക പൂർണ്ണമായും കൈമാറാനാകൂ എന്നതിനാൽ ഒരു നിശ്ചിത തുക അടിയന്തിരമായി കുടുംബത്തിന് അനുവദിക്കാറുണ്ട്. ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവർക്കും അടിയന്തിരമായി ധനസഹായം ലഭ്യമാക്കുന്നു.<br>പ്രകൃതി ദുരന്തങ്ങൾ മൂലം വീടുകൾ പൂർണ്ണമായും തകർന്നവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം 35000/- രൂപയും സംസ്ഥാനത്തിന്റെ പ്രത്യേക വിഹിതമായി 65000/- രൂപയും ചേർത്ത് ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. വീട് ഭാഗികമായി തകർന്നവർക്ക് പരമാവധി 35000/- രൂപ വരെ ധനസഹായം നൽകാറുണ്ട്. |
| (സി) | ഇത്തരം ധനസഹായങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | കേന്ദ്ര സർക്കാരും കേന്ദ്ര ഫിനാൻസ് കമ്മീഷനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രകൃതി ദുരന്തം മൂലം ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് നിലവിൽ ധനസഹായം നൽകി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് മാറ്റം വരുന്ന മുറയ്ക്ക് മാത്രമേ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ സാധ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ